*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ**


## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 21D

## ആഗസ്റ്റ് 2000

## ദിവ്യ രൂപകം (Divine metaphor)

എന്റെ സുഹൃത്തുക്കളേ, എല്ലാവർക്കുംവേണ്ടിയുള്ള ഒരു പാഠം ഇതാ. സ്വാമി ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ആഹാരം പാത്രത്തിൽ വിളമ്പിയാൽ, നിങ്ങളാദ്യം അത് ഈശ്വരന് സമർപ്പിക്കണം; എന്നിട്ടു232മാത്രമേ അത് കഴിക്കാവൂ. എന്തുകൊണ്ട്? അപ്പോൾ, നിങ്ങൾ അകത്താക്കുന്ന ഭക്ഷണം മാലിന്യരഹിതമാവും, മായം കലർന്നിരിക്കുന്നതിൽനിന്ന് മുക്തമാവും. അതൊരു പ്രസാദമായിത്തീരും-പാവനമാക്കപ്പെടും. നിങ്ങളിത് ചെയ്യുന്നില്ല. നിങ്ങൾ പിശാചുക്കൾക്കാണ് ആഹാരം നിവേദിക്കുന്നത്, ഈശ്വരനല്ല!''





“ഓ, അതേയോ.” ഞാൻ പറഞ്ഞു, “സ്വാമീ, അവിടുന്ന് അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് വളരെ വിഷമം തോന്നി. ദയവായി ഇതെപ്പറ്റി കുറച്ചുകൂടി വിശദീകരിച്ചാലും.”

ബാബ പറഞ്ഞു, “നിങ്ങൾ, കുട്ടികൾ, പ്ലേറ്റാണ്. നിങ്ങളുടെ ജീവിതമാകുന്ന പ്ലേറ്റിൽ വിള മ്പിയിട്ടുള്ള വിവിധ ഭക്ഷണസാധനങ്ങൾ ഇന്ദ്രിയങ്ങളാണ്– ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും. ഇന്ദ്രിയങ്ങളുടെ ഈ ഭക്ഷണം ഈശ്വരന് സമർപ്പിക്കണം. അവിടുന്ന് ആരാണ്? സത്യം, ശിവം, സുന്ദരം(Goodness, Truth and Beauty). ഈശ്വരൻ സത്യവും ശിവവും സൗന്ദര്യവുമാണ്. ഇന്ദ്രിയങ്ങളുടെ ഈ ഭക്ഷണം ഭഗവാന് നിവേദിക്കണം. നിങ്ങൾ ഇന്ദ്രിയങ്ങളുടെ ഈ ഭക്ഷണം പിശാചുക്കൾക്കാണ് നിവേദിക്കുന്നത്. ആരാണി വിടെ പിശാചുക്കൾ? കോപം, ദുര, ആർത്തി, വിദ്വേഷം, അതിമോഹം. അതാണ് നിങ്ങൾ ചെയ്യുന്നത്.”

“സ്വാമീ, എത്ര മഹനീയമായ പ്രകടനം! എത്ര സുന്ദരമായ രൂപകം! അവിടുന്നിത് ഒരു ഉപ മയായി തുടങ്ങി അതിനെയൊരു രൂപകമാക്കിത്തീർത്തു!” നാം ശരിക്കും സ്വാമിയോട് കട പ്പെട്ടിരിക്കുന്നു.

## നമ്മുടെ പ്രാർത്ഥനകളെല്ലാം അവിടുന്നിലെത്തുന്നു

ഇതിനിടയ്ക്ക്, അന്നു കാലത്ത് ഓഡിറ്റോറിയത്തിൽ സംസാരിച്ച ആ പയ്യൻ എണീറ്റു, സ്വാമിയുടെ അരികത്തു ചെന്നു, പാദനമസ്കാരം ചെയ്തു. ദയവായി ഈ വസ്തുത ശ്രദ്ധിച്ചോളൂ! സ്വാമി പെട്ടെ[redacted]ന്ന് അവനെ നോക്കിയിട്ട് പറഞ്ഞു, “എന്തിനാണ് ഒരു അധികപാദനമസ്കാരം? എക്സ്ട്രാ–എന്തിന്? ഇന്നു കാലത്ത് നീ എന്റെ ഫോട്ടോയ്ക്കു മുമ്പിൽ പാദനമസ്കാരം ചെയ്തല്ലോ! പിന്നെ എന്തിനാണ് നീ ഇപ്പോൾ ചെയ്യുന്നത്?”




എന്റെ സുഹൃത്തുക്കളേ, രസകരമായത് എന്തെന്നാൽ, ആ കുട്ടി അന്നു കാലത്ത് പാദനമസ്കാരമെടുത്തത് ഭഗവാൻ അറിഞ്ഞിരിക്കുന്നു. അവിടുത്തെ പാദപത്മങ്ങളിൽ സമർപ്പിക്ക പ്പെട്ട ആ കുട്ടിയുടെ വിനീതമായ പ്രണാമങ്ങൾ അവിടുന്ന്

സ്വീകരിച്ചിരിക്കുന്നു, അവിടുന്ന് അതിപ്പോഴും ഓർത്തിരുന്നിട്ട് ചോദിക്കുകയാണ്, "എന്തിനാണ് ഈ എക്സ്ട്രാ? എനിക്ക് നേരത്തേ കിട്ടിയല്ലോ."

എന്റെ സുഹൃത്തുക്കളേ, ബാബയുടെ ചിത്രത്തിനു മുമ്പാകെ നാം പ്രാർത്ഥിക്കുമ്പോൾ, നാം നമ്മുടെ വിനീതമായ പ്രണാമങ്ങൾ ആ ചിത്രത്തിന് അർപ്പിക്കുമ്പോൾ, അത് സ്വാമിക്ക് പോകുന്നു എന്ന കാര്യം വിശ്വസിച്ചാലും. സ്വാമി നമ്മുടെ എല്ലാ പ്രാർത്ഥനകളും സ്വീകരിക്കുന്നു, ഇത് ഉറപ്പിച്ചോളൂ. ഇതാണ് പാഠം. 'സനാതനസാരഥി' യിൽ ഈ സംഭവങ്ങൾ ഞാൻ എഴുതുന്നതിനുള്ള ഉദ്ദേശ്യവും അതാണ്.

വിദ്യാർത്ഥികളോടും അധ്യാപകരോടുമുള്ള സ്വാമിയുടെ സംഭാഷണങ്ങൾ എന്തിന് കുറിച്ചിടുകയും പ്രസിദ്ധീകരിക്കുകയും വേണം? എന്നെ സംബന്ധിച്ച് പറഞ്ഞാൽ, സായീ വചനാമൃതം(The gospel of Sai), സായിയുടെ പ്രബോധനങ്ങൾ, ഇവയൊക്കെ എന്തിനാണ് രേഖപ്പെടുത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടത്? എന്റെ അഭിപ്രായപ്രകാരം, സായീ വചനാമൃതം, സായീ പ്രബോധനങ്ങൾ, സകലരുടെയും സ്വത്താണ്, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മാത്രം സ്വകാര്യ സ്വത്തല്ല. ഈശ്വരന്റെ പ്രബോധനങ്ങൾക്ക് പകർപ്പവകാശം ഇല്ല! വായുവിന് പകർപ്പവകാശം ഇല്ല. ഈശ്വരൻ നമുക്ക് തന്നതാണ് അത്. ഭൂമിക്ക് പകർപ്പവകാശം ഇല്ല. നാം അതിലാണ് ഇരിക്കുന്നത്. അതുകൊണ്ട്, ഈ സാഹചര്യത്തിലാണ് ഞാൻ ഓരോ ശകലവും രേഖപ്പെടുത്തണമെന്നും എല്ലാവർക്കുമായി പങ്കുവയ്ക്കണമെന്നും തീർച്ചപ്പെടുത്തിയത്. അപ്പോളത് വരും തലമുറകൾക്കായി കാത്തുസൂക്ഷിക്കപ്പെടും. ഭാവിയിൽ, സായീ വചനാമൃതം കൂടുതൽ കൂടുതൽ മൂല്യമുള്ളതാവും.



## ഇന്ദ്രിയങ്ങൾ ശരിയായി സമർപ്പിക്കുക

അടുത്ത സംഭവം: പാരമ്പര്യവാദിയായ ഒരു പ്രായം ചെന്ന മനുഷ്യനുണ്ട്. അദ്ദേഹം പക്കാ ആരാധനയാണ് നടത്തുന്നത്; യാഥാസ്ഥിതികനായ ആളാണദ്ദേഹം. മന്ദിരത്തിൽ അത്തരം ആൾക്കാരെ നിങ്ങൾ കണ്ടിട്ടുണ്ടാവും, അവർ നടത്തുന്ന പ്രാർത്ഥനകൾ കണ്ടിട്ടു ണ്ടാവും. ചിത്രത്തിനു മുമ്പിൽ പൂക്കൾ സമർപ്പിച്ചിട്ട് അവർ പറയും, "ഭഗവാനേ, ഞാൻ




എന്റെ കണ്ണുകൾ അവിടുന്നിന് സമർപ്പിക്കു ന്നു." സംസ്കൃതത്തിൽ, "നേത്രം സമർപ്പ യാമി" എന്നുവച്ചാൽ, "ഞാൻ എന്റെ നയ നങ്ങൾ അവിടുത്തെ മുമ്പാകെ സമർപ്പിക്കു ന്നു" എന്നാണ്. അവർ ചെയ്യുന്ന ആചാരം ഇപ്രകാരമാണ്: അവർ ഒരു പുഷ്പമെടുക്കും, അത് അവരുടെ ഇരു കണ്ണുകളിലും തൊടീക്കും, പിന്നെ അത് ഭഗവാന്റെ ചിത്രത്തിനു മുമ്പാകെ സമർപ്പിക്കും. ഇതിന്റെ പൊരുൾ "ഞാൻ കണ്ണുകൾ സമർപ്പിക്കുന്നു" എന്നത്രെ.



സ്വാമി കളിയാക്കാനാരംഭിച്ചു, "നിങ്ങൾ നിങ്ങളുടെ കണ്ണുകൾ സമർപ്പിക്കുന്നില്ല; നിങ്ങൾ പൂക്കൾ മാത്രമേ സമർപ്പിക്കുന്നുള്ളൂ. 'ഓ ഭഗവാനേ, ഞാൻ എന്റെ ഇരു കണ്ണുകളും സമർപ്പിക്കുന്നു' എന്നൊക്കെ നിങ്ങൾ പറ യുന്നുണ്ടാവും, എന്നാൽ നിങ്ങൾ പൂക്കൾ മാത്രമാണ് സമർപ്പിക്കുന്നത്. എന്തുതരം ആരാധനയാണിത്? വ്യാജം!"

മിണ്ടാതിരിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. വ്യക്തത വരുത്തേണ്ട സമയമാണ്!

"ഭഗവാൻ!"

"എന്ത്?"

" 'ഞാൻ എന്റെ കണ്ണുകൾ സമർപ്പിക്കുന്നു' എന്ന് ഞാൻ പറയുമ്പോൾ, ഞാനവ ചൂഴ്ന്നെ ടുത്ത് അവിടുത്തെ ചിത്രത്തിനു മുമ്പാകെ വയ്ക്കണമോ? അതിനു പകരമായി ഒരു

പുഷ്പം പ്രതീകമായി സമർപ്പിച്ചാൽ പോരേ? പ്രഭുവിന് എന്റെ രണ്ട് നേത്രഗോളങ്ങളും വേണോ? എന്താണിത്, സ്വാമീ? ഇക്കാര്യത്തിൽ എനിക്ക് അവിടുത്തെ മാർഗനിർദ്ദേശം തന്നാലും.'' (*ചിരി*)

ബാബ പറഞ്ഞു, ''വേണ്ട, വേണ്ട, വേണ്ട! 'ഞാൻ എന്റെ കണ്ണുകൾ അവിടുന്നിന് സമർപ്പിക്കുന്നു' എന്ന് നിങ്ങൾ പറയുമ്പോൾ, അതിനർത്ഥം ഇതു മാത്രമാണ്, 'അല്ലയോ ഭഗവാനേ, ഈ കണ്ണുകൾ പ്രകൃതിയിലെ പവിത്രമായ കാര്യങ്ങൾ മാത്രം കാണണം. ഈ കണ്ണുകൾ പരിശുദ്ധമാക്കപ്പെടണം. എന്റെ ദൃഷ്ടി പവിത്രമായിത്തീരട്ടെ.'' നിങ്ങളുടെ നേത്രങ്ങൾ ഈശ്വരന് സമർപ്പിക്കുന്നതിന്റെ പൊരുൾ ഇതാണ്. നിങ്ങൾ നിങ്ങളുടെ ഇരു ചെവികളും-ശ്രോത്രം, കേൾവി- സമർപ്പിക്കുമ്പോൾ, അതിനർത്ഥം നിങ്ങൾ നിങ്ങളുടെ രണ്ടു ചെവികളും മുറിച്ചെടുത്ത് ഫോട്ടോഗ്രാഫിനു മുമ്പിൽ വയ്ക്കണം എന്നല്ല. അല്ല, അതിനർത്ഥം, 'അല്ലയോ ഭഗവാനേ, എന്റെ കേൾവി പവിത്രമാവട്ടെ. എന്റെ ശ്രവണശക്തി പരിശുദ്ധമാവട്ടെ' എന്നാണ്. അതിനു പിന്നിലുള്ള ഉദ്ദേശ്യം അതാണ്.''

''സ്വാമീ, അതു ശരി. ഞാനിത് ഓരോ ദിവസവും സമർപ്പിക്കണോ? ഒരുവട്ടം എന്റെ ശ്രവണം പരിശുദ്ധമാക്കപ്പെട്ടാൽ, നാളെയും ഞാനവ അവിടുന്നിന് സമർപ്പിക്കണോ?''

ബാബ ചിരിച്ചു, ''അരേ, നീയൊരു ബിസിനസുകാരനാണെന്നു തോന്നുന്നല്ലോ!'' (*ചിരി*)

''ഓ, അങ്ങനെയോ. ക്ഷമിക്കണം, സ്വാമീ. പക്ഷേ ആന്തരാർത്ഥം അറിയണമെന്നുണ്ട് എനിക്ക്.''

ബാബ പറഞ്ഞു, ''നിങ്ങൾ ദിവസവും പാത്രങ്ങൾ വൃത്തിയാക്കാറില്ലേ? എന്തുകൊണ്ട്? അവ വൃത്തിയായി ഇരിക്കുന്നതിന്. അതുപോലെ, ഓരോ ദിവസവും നിങ്ങളുടെ മുഴുവൻ ശരീരവും ഈശ്വരന് സമർപ്പിക്കണം, മുഴുവൻ ശരീരവും പവിത്രമാക്കുന്നതിന്. അതുകൊണ്ടാണ് എല്ലാ ദിവസവും ഈശ്വരനോട് പ്രാർത്ഥിക്കണം എന്നു പറയുന്നത്.''


## വാണ്ട്സ് (Wants) അല്ല–താങ്ക്സ്

ഇനി ഞാൻ അടുത്ത സംഭവത്തിലേക്ക് നീങ്ങുകയാണ്: എല്ലാ ദിവസവും ആൺകുട്ടികൾ സ്വാമിക്ക് കത്തുകൾ നൽകുന്നത് നിങ്ങൾ കാണുന്നു. അവരെന്താണീ എഴുതുന്നത് എന്നറിയുന്നതിന് ഞങ്ങൾ ഉത്സുകരായിരുന്നു. എത്രയായാലും, അവർ അവിവാഹിതരായ

ചെറുപ്പക്കാരാണ്. അവർക്ക് എന്തു പ്രശ്നം ഉണ്ടാവാനാണ്? ഞാൻ പ്രഭുവിന് ഒരു കത്തെഴുതിയാൽ, അത് മനസ്സിലാക്കാവുന്നതേയുള്ളൂ, എന്തെന്നാൽ എനിക്ക് ഒരു ഭാര്യയുണ്ട്, നാല് കുട്ടികളുണ്ട്, ആറ് പേരക്കുട്ടികളുമുണ്ട്! ഈ ലോകത്ത് പ്രശ്നങ്ങൾക്ക് ഇതിലധികം എന്തു വേണം? (*ചിരി*) അതുകൊണ്ട് എനിക്കെന്റെ പ്രശ്നങ്ങൾ ഒരു കത്താക്കി ഭഗവാന് കൊടുക്കാവുന്നതേയുള്ളൂ.

സ്വാമി പറഞ്ഞു, "അനിൽകുമാർ, അവരെന്താണ് എഴുതുന്നതെന്ന് നിനക്കറിയാമോ?"

ഈ ചിന്ത എന്റെ മനസ്സിലേക്ക് വന്നയുടനെയാണ് സ്വാമി ഇത് പറഞ്ഞത്! നാം നമ്മുടെ ചിന്തകളെപ്പറ്റി വളരെ കരുതിയിരിക്കണം. നാം നമ്മുടെ വാക്കുകളെപ്പറ്റി വളരെ കരുതിയിരിക്കണം. നാം നമ്മുടെ പ്രവൃത്തികളെപ്പറ്റി വളരെ കരുതിയിരിക്കണം. എല്ലാ കാര്യങ്ങളും



ദിവ്യ ക്യാമറയിൽ, ദിവ്യ ലെൻസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കും!

അതിനാൽ, എനിക്ക് പറ്റിക്കാനാവില്ല. (*ചിരി*)

ഈ ചിന്തയാണ് എന്റെ മനസ്സിലേക്ക് വന്നത്, "ഈ കുട്ടികൾ എന്തിനെപ്പറ്റിയാവും എഴുതുന്നത്?"

ഭഗവാൻ പറഞ്ഞു, "നോക്ക്, 'എന്റെ ഭഗവാൻ, അവിടുന്നിന് നന്ദി' ഇതാണ് ഒരു കത്ത്; 'താങ്ക് യൂ ബാബാ, അവിടുന്നിന് എന്നെ ഒരു കവിത എഴുതാൻ പ്രേരിപ്പിച്ചു.' 'താങ്ക് യൂ സ്വാമീ, എനിക്ക് ക്ലാസ്സിൽ ഒന്നാമത്തെ മാർക്ക് കിട്ടി!' 'താങ്ക് യൂ സ്വാമീ, ഞാൻ ഭജനയിൽ പാടി!' ഹൃദയങ്ങൾ നിഷ്കളങ്കമാവുമ്പോൾ, ഓരോ

കാര്യവും സ്വാമിക്കുള്ള സമർപ്പണമാണ്. അതാണ് അവർ എഴുതുന്നത്. സ്വാമിക്ക് എങ്ങനെയാണ് കത്തെഴുതുകയെന്ന് നിങ്ങൾക്ക് പഠിക്കാനാവും!''

''ഒ.കെ. സ്വാമീ. ഇനി മേലിൽ, ഞാൻ ശ്രദ്ധിച്ചുകൊള്ളാം. ഇതുവരെ, ഞാൻ എഴുതിയിട്ടില്ല. അതുകൊണ്ട്, നാളെത്തൊട്ട്, ഞാൻ എഴുതുകയാണെങ്കിൽ, ഞാൻ ശ്രദ്ധിച്ചുകൊള്ളാം.''

## എന്റെ ഭക്തർക്ക് അടിയന്തരാവസ്ഥയില്ല

സ്വാമി ഇരുന്നിട്ട് ഒരു മനോഹരമായ പുഞ്ചിരി സമ്മാനിച്ചു. എന്നിട്ട് അവിടുന്ന് കുട്ടികളോട് (കളിയായി) പറഞ്ഞു, ''കുട്ടികളേ, നാളെത്തൊട്ട്, ഞാൻ നിങ്ങളുടെ കത്തുകൾ വാങ്ങാൻ പോവുന്നില്ല. ഞാൻ നിങ്ങളുടെ കത്തുകൾ സ്വീകരിക്കുന്നില്ല.''

പെട്ടെന്ന് അവർ പറഞ്ഞു, ''സ്വാമീ, ദയവായി അങ്ങനെ പറയരുതേ! ദയവു ചെയ്ത് ഞങ്ങളുടെ കത്തുകൾ സ്വീകരിച്ചാലും. അവിടുന്നിന് കത്തുകൾ കൈമാറുമ്പോൾ ഞങ്ങൾക്ക് സംതൃപ്തിയാണ്. ദയവായി അങ്ങനെ പറയരുതേ, സ്വാമീ! ദയവു ചെയ്ത് ഞങ്ങളുടെ കത്തുകൾ വാങ്ങിയാലും.''

സ്വാമി ചോദിച്ചു, ''എന്തുകൊണ്ട്?''

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, അടിയന്തരസാഹചര്യങ്ങൾ, എമർജൻസി, ഉണ്ടായെന്നു വരാം. ആ അടിയന്തരാവസ്ഥ ഞങ്ങൾക്ക് അവിടുത്തെ ശ്രദ്ധയിൽ പെടുത്തണ്ടേ; അതിനാണ് ഞങ്ങൾ കത്തെഴുതുന്നത്. സ്വാമീ, അവിടുന്ന് കത്ത് സ്വീകരിച്ചില്ലെങ്കിൽ, ശരി, ഞങ്ങളുടെ ഹൃദയമിടിപ്പ് നിലച്ചുപോവും!''

എന്റെ സുഹൃത്തുക്കളേ, അടുത്ത പ്രസ്താവന വളരെ, വളരെ പ്രധാനപ്പെട്ടതാണ്. ദയവായി ശ്രദ്ധിച്ചു കേട്ടാലും. ബാബ എന്താണ് പറഞ്ഞതെന്നോ? ''എമർജൻസി? എന്റെ ഭക്തർക്ക് അടിയന്തരാവസ്ഥ എന്നൊന്നില്ല! അടിയന്തരാവസ്ഥ തോന്നുന്നതിനായി അവർക്ക് സമയം കിട്ടില്ല.''

ഓ! ഭഗവാൻ ഗൗരവത്തിലാണ്!

''സ്വാമീ, അവിടുന്ന് എന്താണുദ്ദേശിക്കുന്നത്?''

"ഞാൻ അവരുടെ കത്തിനുവേണ്ടി കാത്തിരിക്കാറില്ല! ഞാൻ അവരുടെ അടുത്തെത്തി, അവർ രക്ഷപ്പെട്ടു എന്ന്, അവർ സുരക്ഷിതരാണെന്ന് ഉറപ്പാക്കുന്നു. എന്റെ ഭക്തരുടെ ജീവിതത്തിൽ അടിയന്തരാവസ്ഥ എന്നൊന്നില്ല."

അതാണ് ഭഗവാൻ ശ്രീ സത്യസായി ബാബ! മറ്റാർക്ക് ഇങ്ങനെ പറയാനാവും? –

## ഉടൻ ചേർച്ച INSTANT FIT

ഇനി ഞാൻ അടുത്ത സംഭവത്തിലേക്ക് പോവുകയാണ്: അത് നല്ല തമാശയാണ്. നിങ്ങളിത് കേട്ടിട്ടുണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. ശരി, സ്വാമി നടക്കാനാരംഭിച്ചു. എന്നിട്ട വിടുന്ന് ഒരു വിദ്യാർത്ഥിയുടെ മുമ്പിൽ നിന്നു, അവനുവേണ്ടി ഒരു മോതിരം സൃഷ്ടിച്ചു, അവന്റെ മോതിരവിരലിൽ വച്ചുകൊടുത്തു, ഇങ്ങനെയാണ് ആ പയ്യൻ ചെയ്തത്(വിരലിൽ മോതിരം കയറ്റുന്നത് പ്രഫ.അനിൽകുമാർ കാണിക്കുന്നു).

സ്വാമി പിന്തിരിഞ്ഞത് ഞാൻ ശ്രദ്ധിച്ചു. "എന്താണ് പ്രശ്നം?"

"സ്വാമീ, ഇത് ശരിക്കും മുറുക്കമാണ്!"

"ഓഹോ!, വിരൽ മുറിക്ക്, അപ്പോൾ പെട്ടെന്ന് ഊരാം!" (*ചിരി*)

"ഓ, സ്വാമീ! നല്ല മുറുക്കം!"

"ഓ, നോക്കട്ടെ!"

അപ്പോൾ സ്വാമി വിരലിൽ തൊട്ടു, പയ്യൻ പറഞ്ഞു, "സ്വാമീ, ലൂസ്!"

"ഓ, നോക്കട്ടെ!" അങ്ങനെ ചെയ്യുമ്പോൾ, സ്വാമി അവിടെ നിർത്തി.

ഇപ്പോളത് അങ്ങോട്ടും ഇങ്ങോട്ടും ഇല്ല. നടുക്കായി അത് നിന്നു. "സ്വാമീ!"

"എന്താണ്?"

"സ്വാമീ, ഇത് ലൂസല്ല, മുറുക്കവുമല്ല! ഇത് നടുക്കായി നിന്നു. ഞാനെന്തു ചെയ്യണം?"

സ്വാമി ചിരിച്ചു. ഇപ്പോൾ അവിടുന്ന് കുട്ടികളുമായി കളി തുടങ്ങി! ‘‘ഓ, അത് നടുക്കായി നിന്നോ? ഞാൻ നോക്കട്ടെ!’’



സ്വാമി അവിടുന്ന് സൃഷ്ടിച്ച ഒരു മോതിരവുമായി

‘‘ഇപ്പോൾ ഒ.കെ. ആയോ?’’

‘‘സ്വാമീ, കൃത്യം!’’

ഈ ചമത്കാരം പ്രധാനമാണ്: അവിടുന്നത് നീക്കിയപ്പോൾ, മോതിരം ലൂസായി, നൊടിയിടയിൽ, അത് മുറുക്കമായി. എന്നിട്ടത് കൃത്യമായി ചേർന്നു! അവിടെ, ആ കുട്ടിയുടെ വിരലിൽ, ഞാനൊരു ചമത്കാരത്തിന് സാക്ഷിയായി-ഒരു കറക്ട് ഫിറ്റ്! ഞാനിത് മുമ്പൊരിക്കലും കണ്ടിട്ടില്ല! സ്വാമി ചിരിച്ചുകൊണ്ടേയിരുന്നു, എന്നിട്ട് അവിടുന്ന് തിരക്കി, ‘‘ഇപ്പോളത് ഒ.കെ. ആയോ?’’

## എന്റെ അഭയത്തിൽ നിർഭയനാവുക

എന്നിട്ട് സ്വാമി തിരക്കി, ''കുട്ടീ, നിന്റെ പേരെന്താണ്?''

''സ്വാമീ, അഭയ് എന്നാണെന്റെ പേര്.'' (അഭയ് എന്നാൽ നിർഭയത്വം)

സ്വാമി പറഞ്ഞു, ''ഓ, അഭയ്? 'അഭയ്' എന്നതിന്റെ അർത്ഥം എന്താണ്?''

''സ്വാമീ, നിർഭയത്വം.''

''ഓഹോ! നിർഭയത്വം? നീ ശരിക്കും നിർഭയനാണോ?''

''അതെ, സ്വാമീ. ഞാൻ നിർഭയനാണ്.''

''ഉം...എങ്ങനെയാണ് നിർഭയനാവുക? അനിൽകുമാർ, നിനക്കറിയാമോ?''

''സ്വാമീ, എനിക്കൊത്തിരി ഭയമുണ്ട്. അതുകൊണ്ട്, എങ്ങനെ ഭയമില്ലാത്തവനാവാം എന്ന ചോദ്യത്തിന് മറുപടി പറയാൻ എനിക്കാവില്ല.'' (*ചിരി*) (എനിക്ക് സകല പൂച്ചകളെയും എലിയെയും ഒക്കെ ഭയങ്കര പേടിയാണ്. എനിക്ക് അവയെ വലിയ ഭയമാണ്! പൂർണ്ണമായും ഭയരഹിതനാവുന്നതിനെപ്പറ്റി എനിക്ക് സംസാരിക്കാനാവില്ല.)

അപ്പോൾ സ്വാമി പറഞ്ഞു, ''എവിടെയാണോ തെറ്റുള്ളത്, അവിടെ ഭയമുണ്ടാവും. ഒരു തെറ്റുമില്ലെങ്കിൽ, ഒരു ഭയവും ഉണ്ടാവില്ല. അതുകൊണ്ട്, അഭയ്! (ഭയമില്ലാതെയിരിക്കുക!)

എന്നിട്ട് സ്വാമി ആ കുട്ടിയോടായി പറഞ്ഞു: ''നിനക്ക് ഭയമില്ല, എന്തുകൊണ്ടെന്നാൽ തെറ്റുകളൊന്നുമില്ല.''

സ്വാമി എന്റെ നേരെ തിരിഞ്ഞിട്ട് പറഞ്ഞു, ''നിനക്ക് അഭയ് എന്ന പേരുണ്ടായാൽ മാത്രം പോരാ. നിനക്ക് എന്റെ അഭയവും വേണം.''

''അഭയം-അനുഗ്രഹം! നിങ്ങൾക്ക് അഭയരാവാം-നിർഭയരാവാം-എന്റെ അഭയം, അനുഗ്രഹം ഉണ്ടെങ്കിൽ!''

ഇപ്രകാരമാണ് ഭഗവാൻ ശ്രീ സത്യസായി ബാബ അരുളിയത്: ദിവ്യാനുഗ്രഹമുണ്ടെങ്കിൽ ഒരുവന് നിർഭയനാവാം!

## സായി സർവജ്ഞൻ


അന്നു സായാഹ്നത്തിലെ അവസാനത്തെ സംഭവത്തിലേക്ക് വരികയാണിനി ഞാൻ. പരീക്ഷക്കാലമായിരുന്നു അത്, പെട്ടെന്ന് സ്വാമി വാർഡനെ വിളിച്ചു.

"ഹോസ്റ്റലിൽ രണ്ട് അസുഖക്കാരായ കുട്ടികളുണ്ട്. ഇന്നലെ അവർക്ക് അവരുടെ പരീക്ഷയെഴുതാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, ഇന്ന് ഒരു കുട്ടി വന്ന് പരീക്ഷയെഴുതി. മറ്റേ കുട്ടിക്ക് വരാനായില്ല."

വാർഡൻ വിറയ്ക്കാൻ തുടങ്ങി, കാരണം അദ്ദേഹം ഇക്കാര്യം സ്വാമിയെ അറിയിച്ചിരുന്നില്ല. "സ്വാമീ, സ്വാമീ!"

"അരേ! എനിക്കറിയാം. നീ എന്നോട് പറയേണ്ട ആവശ്യമില്ല. എനിക്കറിയാം. ഞാൻ എല്ലാമറിയുന്നു!"

എന്നിട്ട് വിദ്യാർത്ഥികളെയും എന്നെയും നോക്കിയിട്ട് അവിടുന്ന് പറഞ്ഞു, "അരേ, കുട്ടികളേ! നിങ്ങൾ കരുതുന്നത് സ്വാമി ഇവിടെ കസേരയിൽ ഇരിക്കുകയാണെന്നാണ്. ഞാനിവിടെ ഇരിക്കുകയാണെങ്കിലും, ഞാൻ ചുറ്റിലും നോക്കിക്കൊണ്ടിരിക്കുകയാണ്. എല്ലായി



ടത്തും നടക്കുന്നതെല്ലാം ഞാനറിയുന്നു. അത് മനസ്സിലാക്കിക്കൊള്ളൂ!''

## എല്ലാം നല്ലത്

മറ്റൊരു സംഭാഷണം ആരംഭിച്ചു. ആരോ നല്ലതെന്നും ചീത്തയെന്നും പരാമർശിക്കുകയുണ്ടായി. പെട്ടെന്ന് സ്വാമി അരുളി, ''നല്ലതെന്നും ചീത്തയെന്നും പറയാതിരിക്കൂ. എന്റെ ദൃഷ്ടിയിൽ, എല്ലാം നല്ലതാണ്. എന്റെ നോട്ടത്തിൽ, ഒന്നും മോശമല്ല. ചീത്തയായി ആരുമില്ല. ഓരോന്നും നല്ലതുതന്നെ. എല്ലാവരും നല്ലവരാണ്.''

ഭഗവാൻ പ്രേമസ്വരൂപനാണ്. അവിടുന്ന് പ്രേമത്തിന്റെ ആൾരൂപമാണ്. ദിവ്യപ്രേമം വിജയത്തിനും പരാജയത്തിനും അതീതമാണ്. ദിവ്യപ്രേമം ശാശ്വതമാണ്. ദിവ്യപ്രേമം ഉപാധിരഹിതമാണ്. ഇപ്രകാരമാണ് ഭഗവാൻ ശ്രീ സത്യസായി ബാബ അരുളുന്നത്.

ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!

*ഓം ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*
*ഓം ശാന്തി: ശാന്തി: ശാന്തി:*

***ജയ് ബോലോ ഭഗവാൻ ശ്രീ സത്യസായി ബാബ കി ജയ് !***



**പ്രൊഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)